# പതിനാലാം കേരള നിയമസഭ

# ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2655 06-02-2018-ൽ മറുപടിക്ക്**

## വനപരിപാലനവും സംരക്ഷണവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള** | | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | വനംവകുപ്പിൽ സ്പെഷ്യൽ റൂൾ ഭേദഗതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | വനംവകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂളിൽ സമഗ്രമായ ഭേദഗതി വരുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള വനിതകളുടെ നേരിട്ടുള്ള നിയമനവുമായി ബന്ധപ്പെട്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിലവിലെ സ്പെഷ്യൽ റൂളിൽ ചില വ്യക്തതകൾ വരുത്തി ഭേദഗതി ചെയ്യണമെന്ന് ശുപാർശ ചെയ്യുകയും ആയത് സർക്കാർ തലത്തിൽ പരിശോധിച്ചു വരുകയും ചെയ്യുന്നുണ്ട്. |
| (ബി) | വനപരിപാലനവും സംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് വനപരിപാലനത്തിനും വനസംരക്ഷണത്തിനും വനം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>• വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നു. |

- നിലവിലുള്ള വൻമരതോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന തോട്ടങ്ങളുടേയും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നു.
- വനേതര പ്രദേശങ്ങളുടെ വൃക്ഷവൽക്കരണം പ്രോൽസാഹിപ്പിക്കുക വഴി വർദ്ധിപ്പിച്ച വരുന്ന സാമൂഹ്യ ആവശ്യങ്ങൾ മൂലം വന പരിസ്ഥിതി വ്യവസ്ഥയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുന്ന പദ്ധതി നടപ്പാക്കുന്നു.
- പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ
- വനാശ്രിത സമൂഹങ്ങളുടെ വനാശ്രിതത്വം കുറച്ച് കൊണ്ടുവരുന്നതിനും അതുവഴിയുള്ള ജൈവ വൈവിധ്യശോഷണം തടയുന്നതിനുമായി പങ്കാളിത്ത വനപരിപാലനം.
- മറ്റു വകുപ്പുകളിൽ നിന്നും പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാട്ടുകൾ/പുറമ്പോക്കുകൾ തുടങ്ങിയവയും റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർവ്വ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ
- വന്യജീവികളുടെ ആവാസ വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നു.
- വനം കയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.
- കാലാവസ്ഥ വ്യതിയാനം തടയുന്നതിൽ വനങ്ങളെ സജ്ജമാക്കാനായി കേന്ദ്ര സഹായത്തോടെ ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി നടപ്പാക്കുന്നു.
- നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ മറയൂർ ചന്ദന ഡിപ്പോയുടെ സംരക്ഷണം ഉറപ്പാ-

ക്കുന്നു.

- വനമേഖലയെ മൊത്തത്തിൽ കണ്ടുകൊണ്ട് വിവിധ ഭൂവിനിയോഗങ്ങളും, മനുഷ്യന്റെ ആവാസവും പരസ്പരപൂരകങ്ങളാക്കുന്നതിനായി കേന്ദ്ര സഹായത്തോടെ ബയോസ്ഫിയർ റിസർവ്വ് പദ്ധതി നടപ്പാക്കുന്നു.
- കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ
- ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്.

Suseeja

സെക്ഷൻ ഓഫീസർ